കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksa.kerala.gov.in

## ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-2016

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-Mail: lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി4/86/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ-670001.

ഇ-മെയിൽ: lfaddistofficeknr@gmail.com

ഫോൺ: 0497 2707698.

തിയ്യതി :31.1.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് --- 2015-2016 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2-1, 2-2, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-9, 3-10 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ-മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

ceeyar/-

നം കെ. എസ്. എ. /കെ.എൻ.ആർ./സി4/86/2017 തീയതി : 31.1.2017

# കണ്ണൂർ ജില്ലയിലെ ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 22 അന്വേഷണക്കുറിപ്പുകളിൽ 18 എണ്ണത്തിനു മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-01-2017 മുതൽ 17-01-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ ജയരാജൻ കെ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 2 | ശ്രീ ഷഹീൻ പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ ദിലീപ് കുമാർ കെ. എൻ. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മാർഗരറ്റ് മാത്യു | 01-04-2015 മുതൽ 31-10-2015 വരെ |
| | അഡ്വ. ജോസഫ് ഐസക് | 19-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ. രാജേഷ് കെ.കെ. | 01-04-2015 മുതൽ 19-04-2015വരെ |
| | ശ്രീ. റോബർട്ട് ജോസഫ്,<br>അസി.സെക്രട്ടറി (അധിക ചുമതല) | 20-04-2015 മുതൽ 29-04-2015 വരെ |
| | ശ്രീ. രാജേഷ് കെ.കെ. | 30-04-2015മുതൽ 31-03-2016വരെ |

സ.ഉ.(അച്ചടി) നമ്പർ 324/2015/ത.സ്വ.ഭ.വ തീ. 20-10-2015 ഉത്തരവ് പ്രകാരം 01-11-2015 മുതൽ 18-11-2015 വരെ താഴെ പറയുന്നവർ ഉൾപ്പെട്ട ഭരണ നിർവ്വഹണ കമ്മിറ്റിക്കായിരുന്നു ഭരണ ചുമതല

1. ശ്രീ. രാജേഷ് കെ.കെ., ഗ്രാമപഞ്ചായത്ത് സെക്രട്ടറി
2. ശ്രീ നവാസ് ഡി., കൃഷി ഓഫീസർ
3. ശ്രീമതി പ്രസന്നകുമാരി എം, ഐ.സി.ഡി.എസ്. സൂപ്പർവൈസർ

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|

| | | | മുതൽ | വരെ |
|---|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ. ജോർജ് കുട്ടി | 01-04-2015 | 17-04-2015 |
| | | | 11-05-2015 | 19-07-2015 |
| | | ശ്രീ. എ. സുരേന്ദ്രൻ | 18-04-2015 | 10-05-2015 |
| | | ശ്രീ നവാസ് ഡി. | 20-07-2015 | 31-03-2016 |
| 2 | വി.ഇ.ഒ | ശ്രീ ബിജു കെ. പി. | 01-04-2015 | 31-03-2016 |
| 3 | വെറ്റിനറി സർജൻ | ഡോ. ഷിജു എസ്.വി. | 01-04-2015 | 31-03-2016 |
| 4 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ജി രാജഗോപാൽ | 01-04-2015 | 31-03-2016 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അബ്ദുൾ ഗഫൂർ സി. | 01-04-2015 | 26-08-2015 |
| | | ഡോ. സുധീർ എളംപിലാൻ | 27-08-2015 | 19-01-2016 |
| | | | 22-01-2016 | 25-03-2016 |
| | | ഡോ.പ്രിയ പി. | 20-01-2016 | 21-01-2016 |
| | | ഡോ. മുൻഷിദ് എൻ.ടി. | 26-03-2016 | 31-03-2016 |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജയപ്രകാശ് | 01-04-2015 | 10-06-2015 |
| | | ഡോ. മഞ്ജുഷ ഇ.വി. | 11-06-2015 | 04-07-2015 |
| | | | 09-08-2015 | 30-11-2015 |

| | | | | |
|---|---|---|---|---|
| | | ഡോ. പ്രിൻസി സേവ്യർ | 05-07-2015 | 08-08-2015 |
| | | ഡോ. ധന്യ ചന്ദ്രൻ | 01-12-2015 | 31-03-2016 |
| 7 | അസി. എഞ്ചിനീയർ | കലേഷ്.കെ | 01-04-2015 | 31-03-2016 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി പ്രസന്നകുമാരി എം | 01-04-2015 | 21-12-2015 |
| | | ശ്രീമതി അരുൺ രേണുകാദേവി | 22-12-2015 | 31-03-2016 |
| 9 | അസി . സെക്രട്ടറി | ശ്രീ. റോബർട്ട് ജോസഫ് | 01-04-2015 | 31-03-2016 |
| 10 | ഹെഡ് മാസ്റ്റർ GUPS | ശ്രീമതി മോളി എ. ജെ. | 01-04-2015 | 31-03-2016 |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം - 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |

| | | |
|---|---|---|
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 11 | 1-11 | ഗ്രാമസഭകൾ |
| 12 | 1-12 | വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും. |
| 13 | 1-13 | ആഭ്യന്തര നിയന്ത്രണ സംവിധാനം |
| ഭാഗം - 2 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | 2-1 | വസ്തുനികുതി - 21.59 ലക്ഷത്തോളം കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ് |
| 15 | 2-2 | വസ്തുനികുതി - മൊബൈൽ ടവറുകളുടെ തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയിട്ടില്ല |
| 16 | 2-3 | വസ്തു നികുതി - സ്വയാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് നാളിതുവരെ വസ്തു നികുതി ഈടാക്കിയിട്ടില്ല- |
| 17 | 2-4 | തൊഴിൽ നികുതി ഈടാക്കുന്നതിന് നിയമപ്രകാരമുള്ള നോട്ടീസുകൾ നൽകുന്നില്ല |
| 18 | 2-5 | പരസ്യ നികുതി ചുമത്തുന്നില്ല – അന്തിമ ബൈലോക്ക് അംഗീകാരം ലഭിച്ചില്ല. |
| 19 | 2-6 | സേവന നികുതി ഈടാക്കുന്നില്ല |

| | | |
|---|---|---|
| 20 | 2-7 | ഡി & ഓ ലൈസൻസ് - റബ്കോ, റേഷൻ കടകൾ ഖാദി ഷോറൂം എന്നീ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല |
| 21 | 2-8 | ബസ് സ്റ്റാന്റ് ഫീസ് പിരിക്കൽ കാര്യക്ഷമമല്ല |
| ഭാഗം - 3 ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 22 | 3-1 | മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പകർച്ചവ്യാധി നിയന്ത്രണ പ്രോജക്റ്റ് നടപ്പിലാക്കി -- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം ₹1,25,000 തടസ്സപ്പെടുത്തുന്നു |
| 23 | 3-2 | മിഡിലാക്കയം വയോജന വിശ്രമ കേന്ദ്രം - അധികം നല്കിയ ₹1,093 നിരാകരിക്കുന്നു |
| 24 | 3-3 | പഞ്ചായത്ത് ഓഫീസ് കെട്ടിടം ഒന്നാം നില വിപുലീകരണം -- അധികം നല്കിയ ₹4,550 നിരാകരിക്കുന്നു. |
| 25 | 3-4 | ഗവ. ആയുർവേദ ആശുപത്രിക്ക് ഗ്യാസ് കണക്ഷൻ - അംഗീകരിച്ച ക്വട്ടേഷനനുസരിച്ചുള്ള സാധനങ്ങൾ ലഭിച്ചില്ല. |
| 26 | 3-5 | ഫല വൃക്ഷത്തൈകൾ വിതരണം ചെയ്യൽ - വിവിധ അപാകങ്ങൾ |
| 27 | 3-6 | പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് - ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ രശീത് ഗുണഭോക്താക്കൾക്ക് നല്കിയില്ല. |
| 28 | 3-7 | സ്ഥിരം /പൂർണ്ണസമയ ജീവനക്കാരുടെ അഭാവം - എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. |
| 29 | 3-8 | ഗുണഭോക്തൃസമിതി മുഖാന്തരം പ്രവൃത്തിനിർവ്വഹണം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല. |

| | | |
|---|---|---|
| 30 | 3-9 | ഐ.എ.വൈ. ഭവനനിർമ്മാണം 36 ഭവനങ്ങൾ പൂർത്തികരിക്കാതെ അവശേഷിക്കുന്നു. |
| 31 | 3-10 | പ്രത്യേകോദ്ദേശ്യ ധനസഹായങ്ങൾ - ലഭിച്ചതുക വിനിയോഗിക്കാതെ ശേഷിക്കുന്നു. |
| 32 | 3-11 | ആശ്രയ പദ്ധതി അവലോകനം |
| 33 | 3-12 | പാലിയേറ്റീവ് പരിചരണം |
| 34 | 3-13 | ദുരിതാശ്വാസനിധി |
| 35 | 3-14 | അങ്കണവാടികളുടെ പ്രവർത്തനം |
| 36 | 3-15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം - 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 37 | 4-1 | നിഷ്ക്രിയാസ്തി സംബന്ധിച്ച വിവരങ്ങൾ |
| 38 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 39 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 40 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 41 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 42 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 43 | 4-7 | ഓഡിറ്റ് റിക്കവറി |
| 44 | 4-8 | ചാർജ്ജ് -സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം |
| 45 | 4-9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |

| | | |
|---|---|---|
| 46 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 47 | 4-11 | ഓഡിറ്റ് ഇംപാക്ട് |
| 48 | 4-12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 49 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 50 | Appendix- 1 | Audit Cetificate |
| 51 | Appendix- 2 | Income&Expenditure Statement |
| 52 | Appendix- 3 | Receipt& Payment Statement |
| 53 | Appendix- 4 | Balance Sheet |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016വർഷത്തെ ബജറ്റ് PR No.40/2015 തീയതി 24-03-2015 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | ₹ 66,20,326 | ₹ 2,25,12,362 | ₹ 1,58,92,036 | | 240.01 |
| വരവ് | ₹ 8,94,59,820 | ₹ 3,52,62,707 | | ₹ 5,41,97,113 | 60.58 |
| ആകെ | ₹ 9,60,80,146 | ₹ 5,77,75,069 | | ₹ 3,83,05,077 | 39.87 |
| ചെലവ് | ₹ 9,42,80,350 | ₹ 4,28,47,145 | | ₹ 5,14,33,205 | 54.55 |
| നീക്കിയിരിപ്പ് | ₹ 17,99,796 | ₹ 1,49,27,924 | ₹ 1,31,28,128 | | 729.42 |

തൻവർഷത്തെ പുതുക്കിയ ബജറ്റ് 01/03/2016 ലെ 35/2016(2) നമ്പർ തീരുമാന പ്രകാരം ഭരണ

സമിതി പാസ്സാക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-2016 | 31-07-2016 | 15-07-2016 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2015-2016 | 06-01-2017 | കെ.എസ്.എ/ കെ.എൻ.ആർ/ സി 4-86/2017 തീയ്യതി | വിശേഷണങ്ങളോടു കൂടിയത് |

വാർഷിക ധനകാര്യപത്രിക പരിശോധിച്ച് നല്കിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

(1) കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് യഥാർത്ഥത്തിൽ ലഭിച്ച തുകയല്ല റസീപ്റ്റ് അന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ വരവ് കാണിച്ചത്. വികസനഫണ്ട് (ജനറൽ) ക്യാപ്പിറ്റൽ ഇനത്തിൽ അധികമായി വരവ് കാണിച്ച തുക ചെലവായി കാണിച്ച് (RP 31-320200101) ക്രമീകരിക്കുകയാണ് ചെയ്തത്. ഇത് കാരണം വരവിലും ചെലവിലും 2,99,710 രൂപ അധികമായി കാണിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ്/ഇനം | RP(31)ൽ വരവായി കാണിച്ചത് | യഥാർത്ഥ വരവ് | വ്യത്യാസം | ക്രമീകരിക്കുന്നതിന് ചെലവായി കാണിച്ച തുക |
|---|---|---|---|---|---|
| 1 | RP(31)320200101 | ₹ 16,49,580 | ₹ | ₹2,99,710 | ₹ 2,99,710 |

| | | | | | |
|---|---|---|---|---|---|
| | Development fund General -Capital | | 13,49,870 | | |

(2) ശുചിത്വമിഷൻ ഗ്രാന്റിന്റെ ബാങ്ക് പലിശയുൾപ്പടെ തൻവർഷ വരവ് 4,06,441 രൂപയാണ്. ഇതിനു പകരം വാർഷിക കണക്കിൽ 3,78,000 രൂപ മാത്രമാണ് വരവ് കാണിച്ചിട്ടുള്ളത് (RP(31)320200322). പലിശയിനത്തിൽ ലഭിച്ച ₹28,441 RP-9 എന്ന ഹെഡിൽ ഉൾപ്പെടുത്തിയത് ശരിയല്ല.

(3) ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം ഐ.ടി.ഡി.പി. കോർപ്പസ് ഫണ്ടിനത്തിൽ യഥാർത്ഥ നീക്കിയിരിപ്പ് ₹16,92,452 മാത്രമാണ്. എന്നാൽ നീക്കിയിരിപ്പായി ബാലൻസ്ഷീറ്റിൽ കാണിച്ചത് 25,89,166 (B-4 320500101) രൂപയാണ്.

(4) ബി-11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

(5) ബാലൻഷീറ്റിൽ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് 36,40,383 (ബി-11 എ 412010101) രൂപയാണ്. ഇത്രയും തുകയുടെ പാർട്ട് ബിൽ നല്കിയതിന്റെ/ആസ്തി നിർമ്മാണപ്രവൃത്തിയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2015-2016വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹ 2,25,12,362 |
| വരവ് | ₹ 3,52,62,707 |
| ആകെ | ₹ 5,77,75,069 |
| ചെലവ് | ₹ 4,28,47,145 |
| നീക്കിയിരിപ്പ് | ₹ 1,49,27,924 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | ₹32,12,527 | ₹ 75,61,528 | ₹1,07,74,055 | ₹1,07,74,055 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | ₹10,11,458 | ₹17,23,619 | ₹27,35,077 | ₹17,23,619 | ₹10,11,458 | 0 |
| വികസനഫണ്ട് ടി.എസ്.പി. | ₹28,161 | 0 | ₹28,161 | 0 | ₹28,161 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | ₹3,52,673 | ₹59,05,805 | ₹62,58,478 | ₹1,07,74,055 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | ₹6,10,784 | ₹12,19,341 | ₹18,30,125 | ₹18,30,125 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹15,29,082 | ₹61,15,669 | ₹76,44,751 | ₹43,74,095 | ₹32,70,656 | 0 |
| പെർഫോമൻസ് ഗ്രാന്റ് | ₹29,10,608 | ₹17,35,823 | ₹46,46,431 | ₹28,35,823 | ₹18,10,608 | 0 |
| MGNREGS | ₹67,710 | ₹87,83,471 | ₹88,51,181 | ₹88,51,181 | 0 | 0 |
| ബി ഫണ്ട് | 0 | ₹1,15,13,790 | ₹1,15,13,790 | ₹1,15,13,790 | 0 | 0 |
| മറ്റുള്ളവ | ₹1,28,57,069 | ₹1,03,09,031 | ₹2,31,66,100 | ₹81,70,466 | 0 | ₹1,49,27,924 |
| ആകെ | ₹2,25,12,362 | ₹5,48,68,077 | ₹7,73,80,439 | ₹5,63,31,632 | ₹61,20,883 | ₹1,49,27,924 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 121 | ₹5,27,22,868 | 87 | ₹3,07,23,626 | 19 | 15 | 71.9 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-2016 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8.83 ശതമാനം കുറവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | ₹ 40,45,069 | ₹ 32,55,551 | (-) ₹ 7,89,518 | (-)19.52 |
| നികുതിയേതര വരവുകൾ | ₹ 8,07,192 | ₹ 10,26,912 | (+)₹ 2,19,720 | (+)27.22 |
| മറ്റുവരവുകൾ | ₹ 1,17,110 | ₹ 2,47,889 | (+)₹ 1,30,779 | (+)111.67 |
| ആകെ | ₹ 49,69,371 | ₹ 45,30,352 | (-)₹ 4,39,019 | (-)8.83 |

## 1-8 ക്ഷേമപദ്ധതികൾ

2015-2016 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-2016 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | ₹ 1,80,480 | 94 |
| കർഷകതൊഴിലാളി പെൻഷൻ | ₹ 21,90,180 | 297 |
| വിധവാപെൻഷൻ | ₹ 43,29,800 | 489 |
| വാർദ്ധക്യകാലപെൻഷൻ | ₹ 24,08,535 | 1615 |
| വികലാംഗപെൻഷൻ | ₹ 21,64,635 | 221 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | - | - |
| അവിവാഹിതാ പെൻഷൻ | ₹ 2,33,160 | 26 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-11-2016 | 01/08/2016മുതൽ 31/10/2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-01-2016 മുതൽ 16-01-2016 വരെ | 2010-11 മുതൽ 2014-15 വരെ | 20-02-2016 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-01-2017 ന് 15.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 5,497 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭകൾ

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 14 വാർഡുകളിലെയും ഗ്രാമസഭാ മിനട്സ് ഹാജരാക്കിയത് പരിശോധിച്ചു. ഓഡിറ്റ് കാലയളവിൽ 12, 13 വാർഡുകളിലൊഴികെയുള്ള വാർഡുകളിൽ 2 തവണ മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. 12, 13 വാർഡുകളിൽ യഥാക്രമം 3, 4 ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. വാർഷിക പദ്ധതി റിപ്പോർട്ട് അവതരണം, വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ പരിശോധിച്ച് അർഹരായവർക്കുള്ള മുൻഗണനാക്രമം നിശ്ചയിക്കൽ, പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തിരഞ്ഞെടുപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾ ഗ്രാമസഭാ യോഗങ്ങളിൽ ഫലപ്രദമായി നടത്തിയിട്ടുണ്ട്. പുതിയ ഭരണസമിതി നിലവിൽ വന്ന ശേഷം ഓഡിറ്റ് കാലയളവിനുള്ളിൽ ഒരു തവണ (2016 ജനുവരി, ഫിബ്രവരി മാസം) മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത് .

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. തുടർച്ചയായി രണ്ട് തവണ ഗ്രാമസഭ ചേരാതിരുന്നാൽ പ്രസ്തുത അംഗം അയോഗ്യനാക്കപ്പെടും എന്നതിനാൽ മേൽ വകുപ്പ് പ്രകാരമുള്ള ഗ്രാമസഭയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവഹിക്കുന്നതിനായി ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതിന് വാർഡ് മെമ്പർ ശ്രദ്ധിക്കേണ്ടതാണ്.

മിക്കവാറും എല്ലാ ഗ്രാമസഭായോഗങ്ങളിലും ക്വോറം തികഞ്ഞിട്ടുണ്ടെങ്കിലും നിയമപ്രകാരം ആവശ്യമായ കുറഞ്ഞ പങ്കാളിത്തം മാത്രമേ പല യോഗങ്ങളിലും ഉണ്ടായിട്ടുള്ളൂ. ക്വാറം തികയാത്ത ഗ്രാമസഭകളുടെ തീയതിയും വാർഡ് നമ്പറും ചുവടെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് നം | തീയതി | വോട്ടർമാരുടെ എണ്ണം | പങ്കെടുത്തവരുടെ എണ്ണം | ക്വാറം തികയാൻ ആവശ്യമായ എണ്ണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | IX (ചെമ്പേരി) | 05.02.2016 | 1187 | 101 | 118 |
| 2 | XII(താരച്ചീത്ത) | 30.01.2016 | 900 | 90 | 52 |

ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കുന്നില്ല.

വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ (സ്റ്റാറ്റ്യൂട്ടറി, പെർഫോർമൻസ്, എ.ജി. തുടങ്ങിയവ) ലഭിക്കുന്ന മുറക്ക് അവ ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് നിയമം 3 എ (3) വകുപ്പും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 3.8.2004 ലെ 22675/ എൽ 3/99നമ്പർ സർക്കുലറും നിഷ്കർഷിക്കുന്നുണ്ട്. 23.02.2015 തിയ്യതിയിൽ പുറപ്പെടുവിച്ച 2011-12, 2012-13 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് 22.5.2015 ന് ഗ്രാമപഞ്ചായത്ത് കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഗ്രാമസഭാ യോഗങ്ങളിൽ ചർച്ച ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ ഉടൻതന്നെ ഗ്രാമസഭ വിളിച്ചു ചേർത്ത് ആയത് അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപികരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായത്തിന് അപേക്ഷിച്ചവരുടെയും ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയവരുടെയും വിവരങ്ങൾ ഗ്രാമസഭയിൽ അറിയിക്കേണ്ടതുണ്ട് എന്നതും പാലിക്കപ്പെട്ടിട്ടില്ല.

ഗവ. സർക്കുലർ 57414/ഡി.പി.1/03/ത.സ്വ.ഭ.വ. തീയതി 25.6.03 പ്രകാരം ഓരോ തലത്തിലേയും പെൻഷനുകൾ സംബന്ധിച്ച് വ്യാപകമായ പ്രചരണം ഗ്രാമസഭാ തലത്തിൽ നടത്തേണ്ടതും അർഹരായ അപേക്ഷകൾ ഗ്രാമസഭയിൽ വച്ച് അംഗീകാരം തേടേണ്ടതുമാണ് എന്നതും പാലിക്കപ്പെട്ടിട്ടില്ല.

മറ്റ് അപാകങ്ങൾ

1) ഗ്രാമസഭാ മിനിട്സ് തയ്യാറാക്കുമ്പോൾ ധാരാളം പേജുകൾ ഒഴിച്ചിട്ടിരിക്കുന്നതായി കാണുന്നു. ഇത് ശരിയായ നടപടിയല്ല.

ഉദാ: i) വാർഡ് III – പേജ് 170,171

ii) വാർഡ് XIII – പേജ് 20 മുതൽ 25 വരെ, 48, 49

2) ഗ്രാമസഭാ തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയ ശേഷം ഗ്രാമസഭയിൽ വായിച്ച് അദ്ധ്യക്ഷനും കൺവീനറും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ചില ഗ്രാമസഭകളിൽ അദ്ധ്യക്ഷനോ കൺവീനറോ ഗ്രാമസഭാ തീരുമാനങ്ങൾ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

ഉദാ: i) വാർഡ് VII – തീയതി 7.2.16

ii) വാർഡ് VIII – തീയതി 6.2.16

iii) വാർഡ് XIII – തീയതി 7.2.16

iv) വാർഡ് XIV – തീയതി 6.2.16

3) വാർഡ് XII ൽ 30.1.16 ന് വിളിച്ചുചേർത്ത ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിലാളി ഗ്രാമസഭയിലെ തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയില്ല.

ഇത്തരം അപാകങ്ങൾ ഭാവിയിൽ സംഭവിക്കാതിരിക്കാനും ഗ്രാമസഭയിൽ ജനപങ്കാളിത്തം വർദ്ധിപ്പിച്ച് ഗ്രാമസഭയുടെ ഉദ്ദേശലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും

വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയിൽ പദ്ധതി രൂപീകരണം, നടത്തിപ്പ്, മോണിട്ടറിംഗ് എന്നിവയിൽ സുപ്രധാന പങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം സംബന്ധിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും, സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖയിൽ (ജി.ഒ(എം.എസ്)362/2013 തസ്വഭവ 16-11-13) പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതി ആസൂത്രണത്തിനായി വിവിധ വിഷയമേഖലകൾക്ക് അനുബന്ധം 3(1), 3(2) എന്നിവയിൽ പറഞ്ഞ പ്രകാരം 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പിലും 22 മുതൽ 23 വരെ അംഗങ്ങൾ ഉണ്ട്. ഓഡിറ്റ് വർഷത്തിൽ 23.1.2016 ന് പുതുതായി രൂപീകരിച്ച 13 വർക്കിംഗ് ഗ്രൂപ്പുകൾ 01/2016 ലും 02/16 ലും യോഗം ചേർന്നിട്ടുണ്ടെങ്കിലും അതിനു ശേഷം 06/2016ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. യോഗത്തിലെ അംഗങ്ങളുടെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പൊതുവെ ക്വാറം തികയാനുള്ള പങ്കാളിത്തം മാത്രമേ ഉണ്ടാകുന്നുള്ളൂ. പദ്ധതി മാർഗ്ഗരേഖ ഖ: 11(3) പ്രകാരം ഓരോ വർക്കിംഗ് ഗ്രൂപ്പും പഞ്ചവത്സര പദ്ധതി കാലയളവിലേക്ക് അനുബന്ധം 5(1) ൽ പറഞ്ഞ പ്രകാരമുള്ള ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന് നല്കേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കിയതായി മിക്ക വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. മിക്ക വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്സ് എഴുതി പൂർത്തിയാക്കിയിട്ടുമില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി മോണിട്ടർ ചെയ്തിട്ടുള്ളതു സംബന്ധിച്ച വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-13 ആഭ്യന്തര നിയന്ത്രണ സംവിധാനം

1) ഹാജർ പുസ്തകം, മൂവ്മെന്റ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ

ഹാജർ പുസ്തകത്തിൽ ജീവനക്കാർ കൃത്യമായി ഒപ്പുരേഖപ്പെടുത്തുകയും അവധി വിവരം, മറ്റു ജോലികളുടെ വിവരം എന്നിവ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വൈകിയെത്തുന്നവരുടെ ഹാജർ വിവരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

01-01-2016 മുതലുള്ള മൂവ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. കോളം 9 (തിരിച്ചു വന്ന തീയ്യതി), 11(ഭരണാധികാര്യസ്ഥന്റെ ഒപ്പ്) എന്നിവ മിക്കപ്പോഴും രേഖപ്പെടുത്തിക്കാണുന്നില്ല.

2015-16 വർഷം കാഷ്വൽ ലീവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2) ഓഫീസ് ഉത്തരവുകൾ

01-04-2015 മുതൽ 31-03-2016 വരെയുള്ള കാലയളവിൽ 24 എണ്ണം ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ ഉൾക്കൊള്ളുന്ന ഓഫീസ് ഓർഡർ ബുക്ക് സൂക്ഷിച്ചിട്ടുണ്ട്. വിശദമായ ജോലി

വിഭജനം 04-09-2015 ലെ 14/2015 നമ്പർ ഓഫീസ് ഉത്തരവിലൂടെ നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. 100 ശതമാനം നികുതി പിരിവ് കൈവരിക്കുന്നതിനുള്ള കർശന നിർദ്ദേശം 29-01-2016 ലെ 07/2016 നമ്പർ ഉത്തരവിലൂടെ നൽകിയിട്ടുണ്ട്. 3-11-2006 ലെ 45776/പി.എ.3/06 ത.സ്വ.ഭ.വ.നമ്പർ സർക്കാർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച എച്ച്-1/13880/06 തീയതി 18-01-2007 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം ഓരോ ജീവനക്കാരനും ഉത്തരവാദിത്തങ്ങളിൽ കൃത്യവിലോപമോ വീഴ്ചയോ വരുത്തിയാലുള്ള ഭവിഷ്യത്തുകൾ, ബാധ്യതകൾ എന്തൊക്കയാണെന്നതു സംബന്ധിച്ച് ഓഫീസ് ഉത്തരവുകളിൽ പരാമർശിയ്ക്കുന്നതായി കാണുന്നില്ല. ഓഫീസ് ഉത്തരവുകൾ യഥാസമയം തന്നെ ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്തുവരുന്നുണ്ട്.

3) <u>സ്റ്റാഫ് മീറ്റിംഗുകൾ</u>

2.7.2009 ലെ ജി. ഒ. (എം.എസ്.) 123/2009/ത.സ്വ.ഭ.വ നംമ്പർ ഉത്തരവിലെ നിർദേശങ്ങൾ പ്രകാരം എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് നടത്തണമെന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും 2015-16 വർഷം 9 തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. 21-08-2015ന് ചേർന്ന മീറ്റിംഗിൽ അജണ്ട വച്ച് കാര്യങ്ങൾ ചർച്ച ചെയ്യുകയോ തീരുമാനങ്ങൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല. ബാക്കി മീറ്റിംഗുകളിൽ അജണ്ട വച്ച് കാര്യങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എന്നാൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയ ശേഷം സെക്രട്ടറി ഒപ്പുരേഖപ്പെടുത്തുകയിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനും ഓഫീസിന്റെ മൊത്തം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിൽ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും സ്റ്റാഫ് മീറ്റിംഗ് ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

4) <u>തൻപതിവേട് (Personal Register) – സൂക്ഷിക്കൽ</u>

മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക-21 പ്രകാരം ഓരോ സെക്ഷനുകളിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ രജിസ്റ്ററിലെയും ആദ്യ കടലാസിൽ സെക്ഷൻ സൂപ്രണ്ടിന്റെയും രജിസ്റ്റർ സൂക്ഷിയ്ക്കുന്ന ക്ലർക്കിന്റെയും പേര് എഴുതി ചേർത്തിരിക്കേണ്ടതുമാണ്. ലഭ്യമാക്കിയ പേഴ്സണൽ രജിസ്റ്ററുകളിൽ സെക്ഷൻ മേധാവിയുടെയും ക്ലർക്കിന്റെയും പേര് ചേർത്തിട്ടില്ല. രജിസ്റ്ററുകളിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. 6 മുതൽ 10 വരെയുള്ള കോളങ്ങൾ ഒന്നും ചേർക്കാത്ത അവസ്ഥയിലാണ്. ചില രജിസ്റ്ററുകളിൽ 3 (ലഭിച്ച തീയ്യതി), 5(സമർപ്പിച്ച തീയ്യതി) എന്നീ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. എം.ഒ.പി. ഖണ്ഡിക-150പ്രകാരം സൂപ്രണ്ടുമാർ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കേണ്ടതിന്റെ ഒരു ഷെഡ്യൂൾ ഓഫീസ് മേധാവി തയ്യാറാക്കുകയും അതനുസരിച്ച് പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റിനു ലഭ്യമാക്കിയ പേഴ്സണൽ രജിസ്റ്ററുകൾ സെക്ഷൻ/ഓഫീസ് മേധാവി പരിശോധിച്ചതായി കാണുന്നില്ല. പേഴ്സണൽ രജിസ്റ്റർ മാസാന്ത്യത്തിലും വർഷാന്ത്യത്തിലും സംഗ്രഹം എഴുതി നീക്കിയിരിപ്പ് ഫയലുകളുടെ വിവരം സാക്ഷ്യപ്പെടുത്തുന്നില്ല. ഓരോ പേഴ്സണൽ രജിസ്റ്ററിനോടൊപ്പവും ഒരു കലണ്ടർ വർഷം നീളുന്ന ഒരു തുടർ കുറിപ്പ് ഫയൽ (Running Note file)സൂക്ഷിക്കേണ്ടതാണ്. തുടർ കുറിപ്പ് ഫയൽ, ഓർമ്മിപ്പിക്കൽ ഡയറി ഫോറം-XV, അനുബന്ധം-1 എന്നിവ ഒരു സെക്ഷനിലും സൂക്ഷിക്കുന്നില്ല.

5) <u>പേഴ്സണൽ ക്യാഷ് രജിസ്റ്റർ</u>

ജീവനക്കാർ കൈവശമുള്ള തുക പേഴ്സണൽ ക്യാഷ് രജിസ്റ്ററിൽ എഴുതി ഒപ്പു വയ്ക്കുന്നുണ്ടെങ്കിലും ചില ജീവനക്കാർ ഇതിൽ അലംഭാവം കാണിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഓഫീസ് മേധാവിയുടെ

ശ്രദ്ധ പതിയേണ്ടതുണ്ട്.

6) ഫ്രണ്ട് ഓഫീസ് സംവിധാനം

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനത്തിന് വേണ്ടത്ര കാര്യക്ഷമത ഇല്ലെന്നാണ് പരിശോധനയിൽ വ്യക്തമായത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിൽ പോരായ്മ കാണുന്നു. 2, 3, 5, 8 എന്നീ കോളങ്ങൾ പൂരിപ്പിച്ചിട്ടില്ല. എല്ലാ ദിവസവും വൈകുന്നേരം 5മണിക്ക് ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ എഴുതി പൂർത്തിയാക്കി അടുത്ത ഉദ്യോഗസ്ഥന് ചുമതല കൈമാറേണ്ടതാണെങ്കിലും പലപ്പോഴും അങ്ങനെ ചെയ്തു കാണുന്നില്ല. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ഇക്കാര്യം പരിശോധിക്കുകയോ ഒപ്പുവയ്ക്കുകയോ ചെയ്യുന്നില്ല. താഴെ പറയുന്ന തീയ്യതികളിൽ ഫ്രണ്ട് ഓഫീസ് ചുമതല ആരും തന്നെ ഏറ്റെടുത്തതായോ കൈമാറിക്കൊടുത്തതായോ രേഖപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| 02/12/2016 മുതൽ | 04/12/2016 വരെ |
| 18/12/2016 മുതൽ | 20/12/2016 വരെ |
| 01/01/2017 മുതൽ | 04/01/2017 വരെ |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി - 20.57 ലക്ഷത്തോളം കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്

വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് തൻവർഷം കുടിശ്ശികയുള്ള 20.57 ലക്ഷം രൂപ പിരിച്ചെടുക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2014-15 വർഷം കുടിശ്ശികയായി 14.23 ലക്ഷമുണ്ടായിരുന്നത് ഒരു വർഷം കൊണ്ട് 6.34 ലക്ഷം വർദ്ധിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 വസ്തുനികുതി - മൊബൈൽ ടവറുകളുടെ തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല

14-01-2014ലെ ജി.ഒ.(പി)19/2011/ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർനിർണയിച്ചിട്ടുണ്ട്. 14-10-2011ലെ ബി-25865/2011 വിജ്ഞാപനം പ്രകാരം ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി ചതുരശ്രമീറ്ററിന് 500 രൂപയായി നിർണ്ണയിച്ചിട്ടുണ്ട്. കൂടാതെ 07-03-2014ലെ ജി.ഒ.(പി)707/2014/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 14-01-2011 മുതൽ തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി

ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

മൊബൈൽ ടവറുകളുടെ പെർമിറ്റ് ഫയലുകൾ ഹാജരാക്കിയത് പരിശോധിച്ചതിൽ അവയുടെ തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | അപേക്ഷന്റെ പേര്, മേൽവിലാസം | പെർമിറ്റ് നമ്പർ<br>തീയതി | വാർഡ് നമ്പർ | ആകെ തറവിസ്തൃതി |
|---|---|---|---|---|
| 1 | സനൽകുമാർ<br>മാനേജർ എസ്റ്റേറ്റ്സ്,ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്, രവിപുരം, കൊച്ചി | വിവരം ലഭ്യമല്ല. പെർമിറ്റിനുള്ള അപേക്ഷ 07-09--2007ൽ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട് | 6 | 117.50 |
| 2 | പ്രേംകൃഷ്ണൻ നായർ<br>ഇൻഡസ് ടവർ, വൻങ്കാരത്ത് ടവേർസ്<br>എൻ.എച്ച്.ബൈപ്പാസ്<br>പാലാരിവട്ടം, കൊച്ചി. | 978/2010<br>28-04-2010 | 13 | 23.45 |
| 3 | ബിജു.ടി.നായർ,<br>ഡെപ്യൂട്ടി ജനറൽ മാനേജർ<br>ഇൻഡസ് ടവർ, വൻങ്കാരത്ത് ടവേർസ്<br>എൻ.എച്ച്.ബൈപ്പാസ്<br>പാലാരിവട്ടം, കൊച്ചി. | വിവരം ലഭ്യമല്ല<br>പെർമിറ്റിനുള്ള അപേക്ഷ<br>26-07-2011ൽ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട് | 11 | 23.70 |
| 4 | സബ് ഡിവിഷണൽ എഞ്ചിനീയർ ബി.എസ്.എൻ.എൽ സബ് ഡിവിഷൻ, കണ്ണൂർ -II | വിവരം ലഭ്യമല്ല<br>പെർമിറ്റിനുള്ള അപേക്ഷ<br>29-08-2011ൽ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട് | 13 | 27.30 |
| 5 | ഇൻഡസ് ടവർ<br>വൻങ്കാരത്ത് ടവേർസ്, എൻ.എച്ച്.ബൈപ്പാസ്<br>പാലാരിവട്ടം, കൊച്ചി . | 1580/2011<br>11-01-2011 | ഇല്ല | 21.81 |
| 6 | പ്രേംകൃഷ്ണൻ നായർ | 420/2008-09 | 11 | 27.45 |

| | | | | |
|---|---|---|---|---|
| | ഇൻഡസ് ടവർ, വൻങ്കാരത്ത് ടവേർസ്, എൻ.എച്ച്.ബൈപ്പാസ് പാലാരിവട്ടം കൊച്ചി. | | | |

ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. ഗ്രാമപഞ്ചായത്തിൽ എത്ര മൊബൈൽ ടവറുകൾക്ക് പെർമിറ്റ് നല്കിയിട്ടുണ്ടെന്ന് വ്യക്തമല്ല.
2. പെർമിറ്റ് നല്കിയ മൊബൈൽടവറുകളിൽ നിന്ന് തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഇടാക്കിയിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.
3. വസ്തുനികുതി ഇടാക്കാത്ത മൊബൈൽ ടവറുകളുടെ എണ്ണം അറിയിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 17/16-01-2017) മറുപടി ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ മൊബൈൽടവറുകൾക്കും തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 2-3 വസ്തു നികുതി - സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് നാളിതുവരെ വസ്തു നികുതി ഈടാക്കിയിട്ടില്ല-

14-01-2014ലെ ജി.ഒ.(പി)19/2011/ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 14-10-2011ലെ ബി-25865/2011 വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ചതുരശ്രമീറ്ററിന് 4 രൂപയായി നിർണ്ണയിച്ചിട്ടുണ്ട്. ത.സ്വ.ഭ.വകുപ്പിന്റെ 12-04-2012 ലെ49590/ആർ.സി.2/2012 നമ്പർ സർക്കുലർ പ്രകാരം അംഗീകൃത അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതി ഇളവിന് അർഹത ഉണ്ടായിരിക്കുകയില്ലെന്നും 14-01-2011 മുതൽ തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കാണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2013ലെ കേരളാ പഞ്ചായത്ത് രാജ് ഭേദഗതി നിയമം 207ബി.എ. വകുപ്പനുസരിച്ച് ഹയർസെക്കന്ററി വരെയുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് മാത്രമാണ് നികുതിഇളവിന് അർഹതയുള്ളത്. എന്നാൽ താഴെ പറയുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല.

i) ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ്

ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനമായ ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിന്റെ വിദ്യാഭ്യാസം/പാർപ്പടാവശ്യത്തിന് നിർമ്മിച്ച 28 കെട്ടിടങ്ങളിൽ നിന്നായി പ്രതിവർഷം ₹ 2,49,460 വസ്തു നികുതിയിനത്തിലും ₹ 12,484 ഗ്രന്ഥശാലാവരിയിനത്തിലും ലഭിക്കാനുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 18/16-01-2017) വസ്തുനികുതി ഈടാക്കുന്നത് സംബന്ധിച്ച് കേസിൽ ബഹു.കേരള ഹൈക്കോടതിയുടെ സ്റ്റേ ഉള്ളതിനാലാണ് നികുതി ഈടാക്കാൻ സാധിക്കാത്തതെന്ന് അറിയിക്കുകയുണ്ടായി. സ്റ്റേ നീക്കികിട്ടാൻ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാറിൽ

അപേക്ഷിച്ചിട്ടുണ്ട് എന്നും അറിയിക്കുകയുണ്ടായി.

ii) മേരികൃൻസ് ഹയർസെക്കന്ററി സ്കൂൾ, കുടിയാൻമല

iii) ഫ്രസ്കോ ഇംഗ്ലീഷ് മീഡിയം, പൂപറമ്പ്

ക്രമനമ്പർ ii,iii വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കുന്നതിന് നിയമപ്രകാരമുള്ള നോട്ടീസുകൾ നൽകുന്നില്ല

2015-16 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് ചുവടെ കാണിച്ച നിയമപ്രകാരമുള്ള നോട്ടീസുകൾ നൽകിയിട്ടില്ല.

i) സ്ഥാപന ഉടമകൾക്ക്/മേധാവികൾക്ക് ജീവനക്കാരുടെ വരുമാനത്തെയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകിയിട്ടില്ല.

1994-ലെ കേരളാ പഞ്ചായത്തീരാജ് ആക്ട് വകപ്പ് 205 സി പ്രകാരവും 1996ലെ കേരളാ പഞ്ചായത്തീരാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരവും ജീവനക്കാരുടെ വരുമാനത്തെയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഒരു നോട്ടീസ് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ തലവൻമാർക്ക് നൽകിയിട്ടില്ല.

ii) നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കെട്ടിട ഉടമസ്ഥനോ കൈവശക്കാരനോ നോട്ടീസ് നൽകിയിട്ടില്ല.

1994-ലെ കേരളാ പഞ്ചായത്തീരാജ് ആക്ട് വകപ്പ് 205 ബി പ്രകാരവും 1996ലെ കേരളാ പഞ്ചായത്തീരാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരവും വാണിജ്യാവശ്യത്തിന് നികുതി നിർണയിച്ച കെട്ടിടങ്ങളുടെ ഉടമസ്ഥനോട്ടും അല്ലെങ്കിൽ കൈവശക്കാരനോട്ടും അത്തരം കെട്ടിടം കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും അങ്ങനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ കലയേയോ ഉദ്യോഗത്തെയോ സംബന്ധിച്ചും കൈവശം വയ്ക്കുന്ന കാലത്തെ സംബന്ധിച്ചും വിവരിക്കുന്ന രേഖാമൂലമുള്ള ഒരു ലിസ്റ്റ് ആവശ്യപ്പട്ടിട്ടില്ല.

മുകളിൽ കാണിച്ച നിയമപ്രകാരമുള്ള നോട്ടീസുകൾ നൽകി ഗ്രാമ പഞ്ചായത്ത് പരിധിയിലെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ആളുകളിൽ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-5 പരസ്യ നികുതി ചുമത്തുന്നില്ല – അന്തിമ ബൈലോക്ക് അംഗീകാരം ലഭിച്ചില്ല.

ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിന്മേലോ ചുമരിൻമേലോ പരസ്യപ്പലകയിന്മേലോ എടുപ്പിന്മേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ, പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചു കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994-ലെ കേരളാ പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 209 പ്രകാരം പരസ്യ നികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം പരസ്യ നികുതിയിനത്തിൽ വരവില്ല. 22.8.2014 ലെ 67/14 നമ്പറായി ഭരണസമിതി

അംഗീകരിച്ച ബൈലോ അംഗീകാരത്തിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർക്ക് 18.6.15 ലെ എ.4/4436/14 നം കത്ത് മുഖാന്തിരം അയച്ചു കൊടുത്തിട്ടുണ്ട്. നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഈടാക്കുന്ന കാര്യത്തിൽ ഭരണസമിതിയും ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-6 സേവന നികുതി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 (2) പ്രകാരം ശുചിത്വപരിപാലനം, ജലവിത രണം, സ്കാവഞ്ചിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളി ടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 1995 ലെ കേരള പഞ്ചായത്ത് രാജ് സേവന നികുതി ചട്ടങ്ങൾ പ്രകാരം ശുചിത്വ പരിപാലനത്തിന് ഒരു ശതമാന ത്തിലും ജലവിതരണത്തിന് 2 ശതമാനത്തിലും തെരുവ് വിളക്ക് കത്തിക്കുന്നതിന് 2 ശതമാനത്തിലും ഡ്രെയിനേജ്, സ്കാവഞ്ചിംഗ് എന്നിവയ്ക്ക് 1 ശതമാനത്തിലും കുറയുവാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ ഏരുവേശ്ശി ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്ക് കത്തിക്കുന്നതിന് നാളിതുവരെയായി സേവന നികുതി ചുമത്താവുന്ന സാധ്യത പരിശോധിച്ചിട്ടില്ല. 2015-16 വർഷത്തിൽ തെരുവ് വിളക്ക് കത്തിക്കുന്നതിന് പഞ്ചായത്ത് ചെലവഴിച്ച തുകയുടെയും നിശ്ചിത കുറഞ്ഞ നിരക്കിൽ സേവന നികുതി ചുമത്തിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന സേവന നികുതിയുടെയും വിവരം ചുവടെ കൊടുക്കുന്നു.

| സേവനത്തിന്റെ പേര് | സേവനം നൽകുന്നതിന് 2015-16 വർഷത്തിൽ പഞ്ചായത്ത് ചെലവഴിച്ച തുക | 2015-16 വർഷത്തിൽ വസ്തു നികുതിയിനത്തിൽ ഡിമാന്റ് | ചുമത്താവുന്ന കുറഞ്ഞ സേവന നികുതി |
|---|---|---|---|
| തെരുവ് വിളക്ക് കത്തിക്കൽ | ₹ 83,795 | ₹ 24,23,576 | ₹ 43,844 |

സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞ നിരക്കിൽ സേവന നികുതി ചുമത്തിയിരുന്നെങ്കിൽ പോലും തൻവർഷം ₹43,844 സേവന നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്നു എന്ന് പട്ടിക വ്യക്തമാക്കുന്നു. യഥാസമയം ന്യായമായ നിരക്കിൽ സേവനങ്ങൾക്ക് നികുതി ചുമത്താത്തതിനാൽ വർഷം തോറും തനതുവരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്ന കാര്യം പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 2-7 ഡി & ഓ ലൈസൻസ് - റബ്കോ, റേഷൻ കടകൾ ഖാദി ഷോറൂം എന്നീ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1 ലെ ക്രമ നം 149 പ്രകാരം റീട്ടെയിൽ

റേഷൻ ഡിപ്പോകളും ക്രമ നം 52 പ്രകാരം ഫർണിച്ചറുകൾ കടകളും ക്രമ നം 25 പ്രകാരം തുണി വിൽപ്പന സ്ഥാപനങ്ങളും ഡി & ഓ ലൈസൻസ് എടുക്കേണ്ടതുണ്ട്. എന്നാൽ ഏരുവേശ്ശി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 9 റേഷൻ കടകളും, ചെമ്പേരി ഖാദി കേന്ദ്രം, ചെമ്പേരി കേരള സംസ്ഥാന റബ്ബർ കോഓപ്പറേറ്റിവ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളും 2015-16 വർഷത്തിൽ ഡി & ഓ ലൈസൻസ് എടുക്കുകയോ സ്ഥാപന തൊഴിൽ നികുതി അടക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് അന്വേഷിച്ചപ്പോൾ വർഷങ്ങളായി ഈ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാറില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 12/16.1.17) ഡി & ഓ ലൈസൻസ് എടുക്കുന്നതിനും തൊഴിൽ നികുതി അടക്കുന്നതിനും ഇവർക്ക് 8.3.2016 ന് കത്തയച്ചിട്ടുണ്ട് എന്നും നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. നടപടികൾ ത്വരിതപ്പെടുത്തി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈസൻസാവശ്യമായ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-8 ബസ് സ്റ്റാന്റ് ഫീസ് പിരിക്കൽ കാര്യക്ഷമമല്ല

2014-15 വർഷം മുതലാണ് ചെമ്പേരി ടൗൺവഴി പോകുന്ന ബസ്സുകൾ ബസ് സ്റ്റാന്റിൽ കയറാൻ തുടങ്ങിയതും ബസ് സ്റ്റാന്റ് ഫീസ് പിരിക്കാൻ ആരംഭിച്ചതും. 2015-16 വർഷത്തിൽ ബസ് സ്റ്റാന്റ് ഫീസ് ഇനത്തിൽ 15,000 രൂപയാണ് വരവുണ്ടായിട്ടുള്ളത്.

നിലവിൽ ബസ് സ്റ്റാന്റിന്റെ പലഭാഗങ്ങളും ലോറികളും ടാക്സികളും മറ്റ് സ്വകാര്യ വാഹനങ്ങളും അനധികൃതമായി നിർത്തിയിടുന്നുണ്ട്. 1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കുസ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാന്റുകൾ) ചട്ടങ്ങളിലെ ചട്ടം 14 ൽ ഇറക്കുസ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാന്റുകൾ മുതലായവയിൽ നിന്നും ഫീസ് പിരിക്കണമെങ്കിൽ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തേണ്ടുന്ന സൗകര്യങ്ങൾ വിശദമാക്കുന്നുണ്ട്. വണ്ടിത്താവളങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി ബസ് സ്റ്റാന്റിൽ നിർത്തിയിടുന്ന ലോറികളിൽ നിന്നും ടാക്സികളിൽ നിന്നും സ്വകാര്യ വാഹനങ്ങളിൽ നിന്നും മേൽ ചട്ടം പ്രകാരം ഫീസ് ഈടാക്കാവുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പകർച്ചവ്യാധി നിയന്ത്രണ പ്രോജക്ട് നടപ്പിലാക്കി -- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം ₹1,25,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 16/2016 |
| പ്രോജക്ടിന്റെ പേര് | പകർച്ചവ്യാധി നിയന്ത്രണം |
| വകയിരുത്തിയ തുക | ₹ 1,25,000 |

| | |
|---|---|
| ചെലവ് തുക | ₹ 1,25,000 |
| ബിൽ നമ്പർ/തീയ്യതി | 9/02-03-2016 ₹ 70,000<br>14/29-03-2016 ₹ 55,000 |

മേൽ പ്രോജക്ട് പ്രകാരം പകർച്ചവ്യാധി നിയന്ത്രണത്തിനായി ഫോഗിംഗ് മെഷിൻ വാങ്ങൽ, സ്പ്രേയറിംഗ് , മൈക്ക് പ്രചരണം. നോട്ടീസ് തയ്യാറാക്കൽ എന്നിവയക്കായി ₹1,25,000 ചെലവയിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ. തീയതി 16-11-2013 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ അനുബന്ധം 1 ഖണ്ഡിക 7-5 പ്രകാരം രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവല്കരണ പരിപാടികൾ എന്നിവ ആരോഗ്യവകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ എന്നിവരെ ഉപയോഗപ്പെടുത്തിയും എൻ.ആർ.എച്ച്.എം പരിപാടിയിൽ ഉൾപ്പെടുത്തിയും ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഉപയോഗിച്ച് നടത്താവുന്ന പ്രവർത്തനങ്ങളിൽ രോഗപ്രതിരോധ പ്രവർത്തനം ഉൾപ്പെടുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാതെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതിന് വിശദീകരണം നല്കിയിട്ടില്ല.

ജി.ഒ.(പി)259/2010/ത.സ്വ.ഭ.വ തീയതി 08-11-2010 പ്രകാരം ₹ 25,000 മുതൽ ₹ 99,999 വരെയുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടറിംഗ് നടപടിക്രമങ്ങളിലൂടെയാണ് നടത്തേണ്ടത്. എന്നാൽ പ്രോജക്ട് പ്രകാരം ₹70,000 ന്റെ ഫോഗിംഗ് മെഷിൻ തൃശ്ശൂർ ഹോൾസെയിൽ കൺസ്യൂമർ സ്റ്റോറിൽ നിന്ന് വാങ്ങിയത് ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെയാണ്. ക്വട്ടേഷനിൽ / പർച്ചേസ് ഓർഡറിൽ ഫോഗിംഗ് മെഷിന്റെ സ്പെസിഫിക്കേഷൻ കാണിച്ചിട്ടില്ല. ഇത് സംബന്ധിച്ച പർച്ചേസിംഗ് കമ്മിറ്റി തീരുമാനം, ഭരണസമിതി തീരുമാനം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിന്റെ വിശദവിവരം അറിയിക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് അനുസൃതമല്ലാതെ വാങ്ങലുകൾക്ക് വിശദീകരണം നല്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം നല്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണം - 14/17-01-2017 ന് മറുപടി നല്കിയിട്ടില്ല. അപാകങ്ങൾ കാരണം ₹1,25,000 ചെലവ് തടസ്സപ്പെടുത്തുന്നു. ഇപ്രകാരം മോയിന്റനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതിന് ഉപോൽബലകമായ ഉത്തരവുകൾ/രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-2 മിഡിലാക്കയം വയോജന വിശ്രമ കേന്ദ്രം - അധികം നല്കിയ ₹1,093 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) |
| പ്രോജക്ട് നമ്പർ | 73/16 |
| പ്രോജക്ടിന്റെ പേര് | മിഡിലാക്കയം വയോജന വിശ്രമ കേന്ദ്രം കെട്ടിട നിർമ്മാണം |

| | |
|---|---|
| വകയിരുത്തിയ തുക | ₹10,00,000<br>(വികസനഫണ്ട് ജനറൽ ₹ 3,72,052, തനത്ഫണ്ട് ₹ 6,27,948) |
| ചെലവ് തുക | ₹3,93,193 |
| ബിൽ നമ്പർ/തീയ്യതി | 48/31-03-2016 (പാർട്ട് ബിൽ) ₹3,72,052 |
| ഡി.ഡി.നമ്പർ | 321449/13-04-2016 - പാർട്ട് ബിൽ ₹21,087 |
| കരാറുകാരന്റെ പേര് | എ.കുഞ്ഞിരാമൻ |
| കരാർ തുക | ₹ 9,24,568 |
| ടെണ്ടർ നിരക്ക് | 7.32% കുറവ് |
| എംബുക്ക് നമ്പർ | 51/2016, 58/16 |

പ്രവൃത്തിയുടെ ഇനം നമ്പർ 1-Earthwork open excavation in hard soil for foundation and depositing on bank with initial lead and lift including clods watering ramming etc. എന്ന ഇനത്തിന് എം.ബുക്ക് 51/2016 പേജ് 1,2 പ്രകാരം അളവ് താഴെ പറയും പ്രകാരമാണ്.

| ക്രമനമ്പർ | ഇനം | അളവ്<br>(ഘ. മീറ്ററിൽ) |
|---|---|---|
| 1 | colomn | 10.37 |
| 2 | Foundation back side | 3.60 |
| 3 | Foundation front side | 3.60 |
| 4 | side | 1.87 |
| 5 | | 1.87 |
| 6 | | 1.87 |
| 7 | cross | 0.93 |
| 8 | | 0.93 |
| 9 | | 0.28 |
| 10 | Deduct colomn | (-)2.59 |
| | ആകെ | 22.73m3 |

